# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *2 — 28.11.2018-ൽ മറുപടിക്ക്

### ശബരിമലയിലെ നിരോധനാജ്ഞ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ. പി. അനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ചിത്തിര ആട്ട തിരുനാളിന് ശബരിമല ക്ഷേത്രനട തുറന്ന വേളയിൽ ഇതോടനുബന്ധിച്ചുള്ള ഏതെങ്കിലും സ്ഥലത്ത് നിരോധനാജ്ഞ ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ എത്ര ദിവസത്തെ നിരോധനാജ്ഞയാണ് ഏർപ്പെടുത്തിയത്; | (എ) ശബരിമലയിൽ ചിത്തിര ആട്ട വിശേഷത്തോടനുബന്ധിച്ച് നിലയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട നിലയ്ക്കൽ, ഇലവുങ്കൽ, അട്ടത്തോട് എന്നീ സ്ഥലങ്ങളിലും പമ്പ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചാലക്കയം, പമ്പ എന്നിവിടങ്ങളിലും സന്നിധാനം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ശബരിമലയിലും പരിസരപ്രദേശങ്ങളിലും 03.11.2018 അർദ്ധരാത്രി മുതൽ 06.11.2018 അർദ്ധരാത്രിവരെ ക്രിമിനൽ നടപടിക്രമം 144-ാം വകുപ്പ് പ്രകാരം പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റ് (ജില്ലാ കളക്ടർ) നിരോധനാജ്ഞ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) ഈ കാലയളവിൽ എത്ര പോലീസുദ്യോഗസ്ഥരുടെ സേവനമാണ് ശബരിമലയിലും പരിസരപ്രദേശങ്ങളിലും ഏർപ്പെടുത്തിയിരുന്നത്; | (ബി) ഈ കാലയളവിൽ ശബരിമലയിലും പരിസരപ്രദേശങ്ങളിലും നാല് സെക്ടറുകളായി തിരിച്ച് 2 ഐ.ജി. മാർ, 8 എസ്. പി. മാർ എന്നിവരുടെ മേൽനോട്ടത്തിൽ ആകെ 1936 |

പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്നു.

(സി) നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്ന ശബരിമലയിൽ ബി.ജെ.പി., ആർ.എസ്.എസ്. നേതാക്കൾക്ക് പ്രത്യേക പരിഗണന ലഭിച്ചു എന്നും ശബരിമലയിൽ അവരുടെ ആധിപത്യം സ്ഥാപിക്കുന്നതിന് ഇടയാക്കിയെന്നുമുള്ള ആക്ഷേപം ഉണ്ടാകാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ശബരിമലയിൽ ക്രമസമാധാന ചുമതലപ്പെട്ടവരൊഴികെ മറ്റാരെങ്കിലും ആധിപത്യം സ്ഥാപിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശബരിമലയിൽ ക്രമസമാധാന നിയന്ത്രണ ചുമതല ആർ.എസ്.എസ്. നേതാവ് ഏറ്റെടുക്കുകയും പോലീസ് മെഗാഫോൺ ഉപയോഗിച്ച് പ്രസംഗം നടത്തുകയും ചെയ്തത് പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയല്ലേ എന്ന് വ്യക്തമാക്കുമോ;

(ഇ) പോലീസ് സംവിധാനം ഉപയോഗിക്കുന്നതിന് അനുമതി നൽകിയ ഉദ്യോഗസ്ഥരുടെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അവർ നൽകിയ വിശദീകരണം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

(ഡി) യും (ഇ) യും ശബരിമലയിൽ ക്രമസമാധാന ചുമതല എല്ലാ ഘട്ടത്തിലും പോലീസിന്റെ പൂർണ്ണ നിയന്ത്രണത്തിൽ തന്നെയായിരുന്നു. ശബരിമലയിൽ ചിത്തിര ആട്ട വിശേഷത്തോടനുബന്ധിച്ച് ദർശനത്തിനായി എത്തിയ 52 വയസ്സ് ഉണ്ടായിരുന്ന സ്ത്രീയെ, യുവതി എന്നാരോപിച്ച് സന്നിധാനം നടപന്തലിൽ ഉണ്ടായിരുന്നവർ പെട്ടെന്ന് സംഘടിച്ച് പ്രതിഷേധിക്കുകയും, അവരെ അന്യായമായി തടഞ്ഞ് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. ഇപ്രകാരം പ്രതിഷേധം അക്രമാസക്തമായപ്പോൾ കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി അവരിൽ ഒരാളോട് തന്റെ അനുയായികൾക്ക് നിർദ്ദേശം നൽകി പ്രതിഷേധക്കാരെ ശാന്തരാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അടിയന്തര സാഹചര്യത്തിൽ ക്ഷേത്ര മുറ്റത്തെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും ബലപ്രയോഗവും അതുമൂലം മറ്റ് സാധാരണ ഭക്തർക്ക്

ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾ
ഒഴിവാക്കുന്നതിനുമായി പോലീസ്
സ്വീകരിച്ച മേൽ നടപടിയാണ്.

**സെക്ഷൻ ഓഫീസർ**